**No. PL 3/2023** **08-12-2023**

# സർക്കുലർ

## ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, പ്രിയ വിശ്വാസികളെ,

നമ്മുടെ കർത്താവേശുമിശിഹായുടെ ജനനത്തിരുനാൾ ആഘോഷിക്കുവാനുള്ള ഒരു ആത്മീയ തയ്യാറെടുപ്പിൽ ആണല്ലോ സഭയൊന്നാകെ. ഈ ഇരുപത്തിഅഞ്ചു നോമ്പുകാലം അനുഗ്രഹീതമായ ഒരു ആത്മശുദ്ധിയുടെ അവസരമാണ്. ലോകത്തിൻറെ പ്രകാശമായി പിറന്നവനെ സ്വീകരിക്കുവാൻ പ്രകാശഭരിതമായ ഒരു ആന്തരികതയെ സജ്ജമാക്കുന്ന ആത്മീയ പ്രക്രിയയാണിത്. നമ്മുടെ ഉള്ളിൽ വന്നു നിറയുന്ന പാപത്തിന്റെയും വെറുപ്പിന്റെയും ജഡികതയുടെയും ഒക്കെ അന്ധകാരത്തെ നാം നിഷ്കാസനം ചെയ്യുന്നത് മനുഷ്യനായി പിറന്ന ക്രിസ്തുവിലൂടെ ദൈവം പങ്കുവെച്ച സ്നേഹത്തിൻറെ പ്രകാശത്തെ നിരന്തരം ഉള്ളിൽ സ്വീകരിച്ചുകൊണ്ടാണ്. ക്രിസ്തുമസ് അടിസ്ഥാനപരമായി ഈ പ്രകാശത്തിൽ ആയിരിക്കുവാനുള്ള ആഹ്വാനമാണ്. വിശുദ്ധ മത്തായി സുവിശേഷകൻ സാക്ഷിക്കുന്നതുപോലെ, “അന്ധകാരത്തിലിരുന്ന ജനം വലിയ പ്രകാശം കണ്ടു. മരണത്തിന്റെ നാട്ടിലും നിഴലിലും ഇരുന്നവർക്കായി പ്രകാശം ഉദയം ചെയ്തു” (മത്താ: 4:16). നോമ്പ് ആവശ്യപ്പെടുന്ന വർജ്ജനകളും ഉപവാസവും ഉപവിപ്രവർത്തനങ്ങളും ഒക്കെ ഈ സ്നേഹപ്രകാശത്തെ നമ്മുടെ ഉള്ളിൽ കൂടുതൽ പ്രോജ്ജ്വലിപ്പിക്കുന്നതിന് സഹായകമാകും. ഈ നോമ്പിന്റെ തുടർന്നുള്ള ദിവസങ്ങൾ നാം ഏവർക്കും കൂടുതൽ തീവ്രമായ ആത്മശുദ്ധിയുടെ ദിവസങ്ങൾ ആയിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പരിശുദ്ധ അമ്മയെ പോലെ ഉള്ളിലെ കൃപയുടെ നിറവ് ആഴത്തിൽ അനുഭവിക്കുവാനും അത് യേശുവായി അവതീർണമാക്കുവാനും ഈ നോമ്പുകാലം നമ്മെ പരുവപ്പെടുത്തട്ടെ.

## പൗരോഹിത്യ സ്വീകരണം

ഒരു ഭദ്രാസനത്തിലെ ഏറ്റവും സന്തോഷഭരിതമായ മുഹൂർത്തങ്ങളിൽ ഒന്നാണല്ലോ ആ ഭദ്രാസനത്തിനുവേണ്ടി ദൈവം പുരോഹിതരെ അഭിഷേചിക്കുന്നത്. നമ്മുടെ ഭദ്രാസനത്തിനുവേണ്ടി സെമിനാരി പരിശീലനത്തിൽ ആയിരുന്ന മൂന്ന് ശെമ്മാശൻമാർ - സാമുവൽ തിരുഹൃദയം, ജോഷ്വാ കോട്ടവിള, ജോൺപോൾ പൂവൻവിള എന്നിവർ - 2023 ഡിസംബർ മാസം 26 ആം തീയതി നമ്മുടെ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് പുരോഹിതരായി അഭിഷിക്തരാകുന്നു. ഈ സഹോദരങ്ങൾക്ക് വേണ്ടി ദൈവസന്നിധിയിൽ നന്ദി അർപ്പിക്കുവാനും ഇവർക്കുവേണ്ടി ഹൃദയംഗമമായി പ്രാർത്ഥിക്കുവാനും നാമേവരും കടപ്പെട്ടിരിക്കുന്നു. അതോടൊപ്പം നമ്മുടെ സഭയിൽ, വിശിഷ്യാ പാറശ്ശാല ഭദ്രാസനത്തിൽ, പൗരോഹിത്യ സന്യസ്ത ദൈവവിളികൾ ധാരാളമായി ഉണ്ടാകുവാനുള്ള കൃപയ്ക്കായി നമുക്ക് തുടർന്നും പ്രാർത്ഥിക്കാം. അതുപോലെ, നമ്മുടെ ഭദ്രാസനത്തിലെ സെമിനാരി പരിശീലന ശുശ്രൂഷയെ പ്രാർത്ഥന കൊണ്ടും സാമ്പത്തികമായും സഹായിക്കുവാൻ ഭദ്രാസന

അംഗങ്ങൾക്കുള്ള ദൈവികമായ ഉത്തരവാദിത്വത്തെ നമുക്ക് കൂടുതൽ ഗൗരവമായി ഉൾക്കൊള്ളാം.

<u>ഭദ്രാസന അജപാലന കേന്ദ്രം (Pastoral Centre)</u>

നമ്മുടെ ഭദ്രാസനത്തിന്റെ അടിയന്തിര ആവശ്യങ്ങളിൽ ഒന്നായിരുന്നല്ലോ ഒരു ഭദ്രാസന അജപാലന കേന്ദ്രം. ഭദ്രാസനത്തിന്റെ വിവിധ ശുശ്രൂഷകളെ ഏകോപിപ്പിക്കുവാനും നമ്മുടെ കുഞ്ഞുങ്ങളുടെയും യുവതിയുവാക്കളുടെയും ഭദ്രാസനത്തിലെ വിവിധ സംഘങ്ങളുടെയും നിരവധിയായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാനും സാധ്യമായ ഒരു ഇടം എന്ന നിലയിലാണ് ഈ കേന്ദ്രത്തിന് പ്രാധാന്യമേറുന്നത്. ഏതാണ്ട് ഒരു വർഷം മുമ്പ് വിഴിഞ്ഞത്തിനടുത്ത് നമ്മുടെ കല്ലുവെട്ടാൻകുഴി ദേവാലയത്തോട് ചേർന്ന് ഈ കേന്ദ്രത്തിന്റെ നിർമ്മാണം നാം ആരംഭിക്കുകയുണ്ടായല്ലോ. ദൈവത്തിൻറെ അനന്തമായ സ്നേഹപരിപാലനയിൽ നിർമ്മാണ പ്രവർത്തികൾ അതിൻറെ പൂർണ്ണതയിൽ എത്തുകയാണ്. 2024 ജനുവരി മാസം ഒന്നാം തീയതി ഉച്ചയ്ക്കുശേഷം അഭിവന്ദ്യ ബാവാ തിരുമേനിയുടെയും നമ്മുടെ സഭയിലെ മറ്റു പിതാക്കന്മാരുടെയും കാർമികത്വത്തിൽ ഈ അജപാലന കേന്ദ്രത്തിന്റെ ആശിർവാദകർമ്മം നടക്കുകയാണ്. ഇത്തരുണത്തിൽ നിങ്ങൾ ഏവരുടെയും വിലയേറിയ പ്രാർത്ഥനാസഹായങ്ങൾ ഞാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ ഭദ്രാസന അംഗങ്ങൾ പ്രാതിനിധ്യ സ്വഭാവത്തിൽ ഈ കർമ്മത്തിൽ സംബന്ധിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. സുവാർത്ത പാസ്റ്ററൽ ആനിമേഷൻ ആൻഡ് റിന്യൂവൽ സെൻറർ (SPARC) എന്ന പേരിലായിരിക്കും ഈ കേന്ദ്രം അറിയപ്പെടുക. ഈ കേന്ദ്രം ഭദ്രാസനത്തിന്റെ അജപാലന ശുശ്രൂഷകളെ വലിയ രീതിയിൽ ത്വരിതപ്പെടുത്തും എന്ന് ദൈവത്തിൽ പ്രത്യാശിക്കുന്നു. ഈ കേന്ദ്രത്തിന്റെ നിർമ്മിതിക്കായി ഭദ്രാസനം ഏറ്റെടുത്ത സാമ്പത്തിക ഭാരത്തിന്റെ ആധിക്യം എല്ലാവർക്കും അറിവുള്ളതാണല്ലോ. അതിൻറെ വളരെ ചെറിയ ഒരു ഭാഗം നമ്മുടെ കുടുംബങ്ങളും ഇടവകകളും നൽകാമെന്ന് സമ്മതിച്ചിട്ടുള്ളതും ആണല്ലോ. ആ തുക ഡിസംബർ മാസം 26 ന് മുൻപ് എല്ലാ ഇടവകകളുടെയും നേതൃത്വത്തിൽ ഭദ്രാസന കാര്യാലയത്തിൽ ഏൽപ്പിക്കണം എന്ന് നിങ്ങളേവരെയും ഞാൻ സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു.

നിങ്ങൾ എല്ലാവർക്കും അനുഗ്രഹീതമായ ജനനപെരുന്നാളും ദൈവകൃപ നിറഞ്ഞ പുതുവത്സരവും ഞാൻ ആശംസിക്കുന്നു. പരിശുദ്ധ ദൈവമാതാവിന്റെയും വിശുദ്ധ മദർ തെരേസായുടെയും സാന്നിധ്യവും സംരക്ഷണവും നാമേവർക്കും ബലമായിരിക്കട്ടെ.

സസ്നേഹം,

+ Eusebius

+ തോമസ് മാർ യൗസേബിയോസ്
പാറശ്ശാല രൂപതാധ്യക്ഷൻ

---

**ഈ സർക്കുലർ ഡിസംബർ മാസം പത്താം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും മിഷൻ കേന്ദ്രങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.**